കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,ജില്ലാ
ഓഡിറ്റ് കാര്യാലയം, മലപ്പുറം
e-mail:dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-എം.പി.എം27/3008/2016

കേരള സംസ്ഥാന ഓഡിറ്റ്

ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം ജില്ല

തീയതി : 06-02-2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പൂക്കോട്ടൂർ ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേക്കും ഭാഗം 3ലെ ഖണ്ഡികകളിലേക്കും പ്രത്യേകം ശ്രദ്ധക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

mac

നം കെ.എസ്.എ.എം.പി.എം .27/3008/2016

തിയ്യതി:06-02-2017

## മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ

# ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 14-06-16 മുതൽ 13-10-16 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.ഷാജഹാൻ.എ.എസ്,ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 14-10-2015 മുതൽ 21-1016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.ഷീബ .ഇസഡ് | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | | ശ്രീ.സന്തോഷ്.പി.ടി | അസി.ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.അഷ്റഫ്.കെ.പി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി.സിന്ധു.ഐ. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | | |
|---|---|---|---|---|
| പ്രസിഡന്റ് | : | 1 | ശ്രീ.പി.എ സലാം | 01-04-15മുതൽ 31-10-15 വരെ |
| | | 2 | സെക്രട്ടറി, കൃഷി ഓഫീസർ, ഐ.സി.ഡി.എസ്സൂപ്പർവൈസർ എന്നിവരടങ്ങുന്ന അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 01-11-2015മുതൽ 30-11-2015 വരെ |
| | | 3 | ശ്രീമതി. സുമയ്യ.വി.പി. | 01-12-15മുതൽ 31-03-16 വരെ |
| സെക്രട്ടറി | | 1 | ശ്രീ. പി.കെ.രാജീവ് | 01-04-15 മുതൽ 26-07-15 വരെ |
| | | 2 | ശ്രീ.സി.കുട്ടൻ | 27-07-15 മുതൽ 14-12-15വരെ |
| | | 3 | ശ്രീ.ജി.ടി.അഭിലാഷ് | 15-12-15 മുതൽ 15-02-16 വരെ |

| | | | | |
|---|---|---|---|---|
| | | 4 | ശ്രീ. പി.വേണു | 16-02-15 മുതൽ<br>31-03-16 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | : | | | |
| ഉദ്യോഗപ്പേര് | | | പേര് | കാലയളവ് |
| ഐ.സി.ഡി.എസ് സൂപ്പർ വൈസർ | | 1<br>2 | ശ്രീമതി.സക്കീന<br>ശ്രീമതി.ലില്ലി മാത്യു | 01-04-15 മുതൽ<br>30-08-15 വരെ<br>31-08-15 മുതൽ<br>31-03-16 വരെ |
| കൃഷി ഓഫീസർ | | 1 | ശ്രീ.ജെസൽബാബു | 01-04-15 മുതൽ<br>23-09-15 വരെ |
| | | 2 | ശ്രീ.അബ്ദുൽ സലാം | 23-09-15 മുതൽ<br>25-02-16 വരെ |
| | | 3 | ശ്രീ.ജെസൽബാബു | 26-02-16 മുതൽ<br>31-03-16 വരെ |
| വെറ്ററിനറി സർജൻ | | | ശ്രീമതി.ബിന്ദു.പി .പിള്ള | 01-04-15 മുതൽ<br>31-03-16 വരെ |
| വി.ഇ.ഒ | | | ശ്രീ. സജി സ്റ്റീഫൻ | 01-04-15 മുതൽ<br>31-03-16 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | | | ശ്രീ.നിഖിൽ.ജെ | 01-04-15മുതൽ<br>31-03-16 വരെ |
| മെഡിക്കൽഓഫീസർ (ആയുർ വേദം) | | | ഡോ.ഷാനവാസ് | 01-04-15മുതൽ<br>31-03-16 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | | 1 | ശ്രീമതി.നസീമ മുബാറക് | 01-04-15 മുതൽ<br>25-10-15 വരെ |
| | | 2 | ശ്രീമതി. ഷീജ.പി | 26-10-15 മുതൽ<br>04-01-16 വരെ |
| | | 3 | ശ്രീ.ഉമ്മർ പള്ളിയാളി | 05-01-16 മുതൽ<br>31-03-16 വരെ |
| ഹെഡ്മാസ്റ്റർ. | | | ശ്രീ. ഇ.എം.ജോൺ | 01-04-15 മുതൽ<br>31-03-16 വരെ |
| അസി.സെക്രട്ടറി | | | ശ്രീ. പി.കെ.രാജീവ് | 01-04-15മുതൽ<br>18-08-15 വരെ |
| | | | ശ്രീ.അഭിലാഷ് | 19-08-15മുതൽ<br>31-03-16വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | |

| | | | |
|---|---|---|---|
| 3 | വാർഷിക ധനകാര്യ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | കാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | ഡി & ഒ ലൈസൻസ് - വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള ഫീസ്ഈടാക്കിയില്ല | 2-1 | |
| 13 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 2-2 | |
| 14 | ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടങ്ങളുടെ വാടക - കാലാനുസൃതമായി പരിഷ്കരിച്ചിട്ടില്ല | 2-3 | |
| | ഭാഗം 3 | | |
| 15 | വിൻഡോ പരസ്യം ചെയ്തതിന് അധിക തുക നൽകിയത് അനുവദനീയമല്ല. | 3-1 | |
| 16 | അംഗൻവാടികളിലേക്ക് ഭക്ഷണ സാധനങ്ങൾ വാങ്ങിയത് - മാവേലി സ്റ്റോറുകളിലെ വിലയുമായി താരതമ്യ പഠനം നടത്തിയില്ല | 3-2 | |
| 17 | എസ്.സി കോളനികളിൽ കുഴൽക്കിണറുകൾ സ്ഥാപിക്കൽ- അപാകതകൾ | 3-3 | |
| 18 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു | 3-4 | |
| 19 | വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - അപാകതകൾ | 3-5 | |
| 20 | പട്ടികജാതി കുടുംബങ്ങൾക്ക് കറവ പശു വാങ്ങി നൽകൽ - അപാകതകൾ | 3-6 | |
| 21 | മരുന്നുകൾ യഥാസമയം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 3-7 | |
| 22 | റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യത്തിലധികം കനത്തിൽ കോൺക്രീറ്റിംഗ് ചെയ്ത് വൻതുകപാഴ്ചെലവ് ഉണ്ടാക്കുന്നു. | 3-8 | |
| 23 | ഗുണഭോക്തൃസമിതി മുഖേനയുള്ള മരാമത്ത് പ്രവൃത്തികൾ-മാർഗ്ഗരേഖ പാലിക്കുന്നില്ല. | 3-9 | |
| 24 | സമഗ്ര ആരോഗ്യ പദ്ധതി -അപാകതകൾ | 3-10 | |
| 25 | ടച്ച് സ്ക്രീൻ പ്രവർത്തനസജ്ജമാക്കണം | 3-11 | |
| 26 | ഹെഡ്മാസ്റ്റർ നിർവ്വഹണോദ്യോഗസ്ഥനായ ചെലവുകൾ – രേഖകൾ ഹാജരാക്കിയില്ല | 3-12 | |
| 27 | ആശ്രയ പദ്ധതി ഒരവലോകനം | 3-13 | |
| 28 | മരാമത്ത് പ്രവൃത്തികൾ-അപാകതകൾ | 3-14 | |
| | ഭാഗം 4 | | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 33 | ഓഡിറ്റ് റിക്കവറി | 4-6 | |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| | അനുബന്ധം | | |
| 37 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 5 | |


## ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 27-03-16 തിയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 19-07-16 | - | - |

## 1-3 വാർഷിക ധനകാര്യ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ചതീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 18-10-2016 & 19-10-2016 | |

ഓഡിറ്റ് സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിലെ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.
2015-16 – ലെ വാർഷികക്കണക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1- വി.പി.എഫ്.എ 1-2 പ്രകാരം 31-03-2016 -ന് 5011 രൂപ വാർഷികക്കണക്കിൽ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ ട്രഷറി രേഖകൾ പ്രകാരം അങ്ങനെയൊരു തുക നീക്കിയിരിപ്പില്ല. ആയത് ക്രമീകരിക്കേണ്ടതുണ്ട്.

2- ഡിജിറ്റൽ സിഗ്നേച്ചർ നൽകുന്ന നടപടികൾ പൂർത്തിയാക്കാത്തതിനാൽ വാർഷിക കണക്കിൽ കാണിച്ചിരിക്കുന്ന വസ്തു നികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് എന്നിവ യഥാർത്ഥമല്ല.

3- സ്ഥാവര ജംഗമ ആസ്തികളുടെ വിവരം പൂർണ്ണമല്ല.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 2,79,44,556

വരവ് - 4,02,40,461

ആകെ - 6,1,85,017

ചെലവ് - 5,17,72,497

നീക്കിയിരിപ്പ് - 1,64,12,520

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (സർക്കാർ പിൻവലിച്ചത്) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2616260 + 8210316 (ട്രാൻസ്ഫർ ക്രെഡിറ്റ്) | 9847398 | 20673974 | 12836346 | 7837628 | 62.09 |
| വികസനഫണ്ട് എസ്.സി.പി. | 2212135 | 4944927 | 7157062 | 5708716 | 1448346 | 79.76 |
| വികസനഫണ്ട് ടി.എസ്.പി. | - | 2000 | 2000 | - | 2000 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 47524 | 3612000 | 3659524 | 3428621 | 230903 | 93.69 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 114055 | 3208000 | 3322055 | 3017042 | 305013 | 90.82 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 773101 | 6892709 | 7665810 | 7908033 | 242223 | 103.16 |
| പെർഫോമൻസ് ഗ്രാന്റ് | 3512499 | 3212499 | 6724998 | 6221379 | 503619 | 92.51 |
| എം.എൻ.ആർ.ഇ.ജി.എസ്. | - | 7720682 | 7720682 | 7717679 | 3003 | 99.96 |
| ബി ഫണ്ട് | - | 405020 | 405020 | 405020 | - | - |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 182 | 73395746 | 149 | 41679263 | 33 | 82 | 81.86 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ: ഇല്ല

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതിവരവുകൾ | 4250541 | 3745229 | 505312 | (-)11.89 |
| നികുതിയേതര വരവുകൾ | 1486892 | 2354096 | 867204 | (+)58.32 |
| മറ്റുവരവുകൾ | 9171648 | 11964213 | 2792565 | (+)30.45 |
| ആകെ | 14909081 | 18063538 | 3154457 | |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 405020 | 165 |
| കർഷകതൊഴിലാളി പെൻഷൻ | 2514360 | ലഭ്യമല്ല |
| വിധവാപെൻഷൻ | 9070320 | ലഭ്യമല്ല |
| വാർദ്ധക്യകാലപെൻഷൻ | 8522020 | ലഭ്യമല്ല |
| വികലാംഗപെൻഷൻ | 3190340 | ലഭ്യമല്ല |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 170480 | ലഭ്യമല്ല |

## 1-9 കാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-10-2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. നീക്കിയിരിപ്പായി തുകയൊന്നും അവശേഷിക്കുന്നില്ലെന്ന് പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

രജിസ്റ്ററുകൾ, രേഖകൾ എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമല്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14-07-16 മുതൽ 16-07-16 വരെ | 6/2016 | 27-09-16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | ലഭ്യമല്ല | 1997-98 മുതൽ 05-06 വരെ | 13-03-2008 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഒ ലൈസൻസ് - വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്ര സാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള ഫീസ് ഈടാക്കിയില്ല

ഗ്രാമ പഞ്ചായത്തിലെ 2015-16 വർഷത്തെ ഡി.&ഒ. ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളുടെ ഉടമകളിൽ നിന്നും യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനുള്ള ഫീസ് ഈടാക്കിയതായി കണ്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമയുടെ പേര് | വാർഡ് നമ്പർ | സ്ഥാപനത്തിന്റെ പേര് | യന്ത്രത്തിന്റെ എച്ച്.പി. | ചുമത്താവുന്ന പരമാവധി ഫീസ് |
|---|---|---|---|---|---|
| 1. | അബ്ദുൾ സലീം | III/534 B | വി-വൺ ഇന്റർലോക്ക് | 2 HP | ₹50/- |
| 2. | സുജിത്ത് കെ. | VIII/135 | ഗ്രാന്റ് ബിസ് പേപ്പർ പ്രൊഡക്ട്സ് | 5 HP | ₹50/- |
| 3. | ഉണ്ണികൃഷ്ണൻ പി. | VIII/493H | വിൻടെക് എന്റർപ്രൈസസ് | 2 HP | ₹50/- |
| 4. | അബ്ദുൾ വാജിദ് വി. | VIII/48A | ഓറഞ്ച് | 3 HP | ₹50/- |
| 5. | അബ്ദുൾ ഖാദർ തറയിൽ | VI/406 | തറയിൽ റൈസ് മിൽ | 15 HP | ₹200/- |
| 6. | റഫീടെ കുട്ടൻതടവൻ | VI/96B | റോസ്‌ലാന്റ് സോഫ വർക്ക്സ് | 2 HP | ₹50/- |
| 7. | മണത്തൊടി മുഹമ്മദ് | XV/25A | റോബോട്ടിക് കാർ കെയർ | 4 HP | ₹50/- |
| 8. | സുനിൽ കുമാർ വി. | I/5A | സൂപ്പർ എഞ്ചിനീയറിംഗ് | 10 HP | ₹100/- |
| 9. | മുഹമ്മദ് | VII/46 | ഫാത്തിമ സുഹറ റൈസ് മിൽ | 10 HP | ₹100/- |

| | | | | | |
|---|---|---|---|---|---|
| 10. | ജൌഹർഹശീഹ് | XIII/695 | കളത്തിങ്കൽ ഹോളിഫൈൻസ് | 110 HP | ₹2000/- |
| 11. | നിഷാഹത്ത് വി. | XVII/471B | കളത്തിങ്കൽ മോൾഡിംഗ്സ് | 90 HP | ₹1000/- |
| 12. | ഷൌക്കത്തലി വി. | II/34 | ഷാനു ഓയിൽ & ഫ്ലോർ മിൽ | 15 HP | ₹200/- |

1996 ലെ കേരളപഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൾ) 18-ാം ചട്ടപ്രകാരം വൈദ്യുതികൊണ്ട് പ്രവർത്തിപ്പിക്കുന്ന യന്ത്രസാമഗ്രിയോ യന്ത്രമോ ഉപയോഗിക്കുന്ന സ്ഥലത്തിന് ഒരു വർഷത്തേക്ക് ലൈസൻസ് നൽകുന്നതിനും ലൈസൻസ് പുതുക്കിനൽകുന്നതിനും മൂന്നാം പട്ടികയിൽ പറഞ്ഞ ഫീസ് ഈടാക്കേണ്ടതാണ്. ആയതിനാൽ മേല്പറഞ്ഞവരുടെ ഫീസ് അടവാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 5/15-16 തീയ്യതി 18/10/2016 പ്രകാരം പ്രസ്തുത അപാകത രേഖാമൂലം അറിയിച്ചിട്ടുണ്ട്. ആയതിന് ഇതുവരെയും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-2 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന ധനകാര്യ സ്ഥാപനങ്ങൾ സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | മഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക്, വള്ളുവമ്പ്രം | 1& 2 |
| 2 | മാവേലി സ്റ്റോർ, വള്ളുവമ്പ്രം | 1 |
| 3 | ബി.എസ്.എൻ.എൽ, മലപ്പുറം | 1& 2 |
| 4 | വള്ളുവമ്പ്രം സർവ്വീസ് സഹകരണ ബാങ്ക് | 1 |
| 5 | പൂക്കോട്ടൂർ സർവ്വീസ് സഹകരണ ബാങ്ക് | 1& 2 |
| 6 | മുത്തൂറ്റ് ഫിൻ കോർപ്പ്, വള്ളുവമ്പ്രം | 1 |
| 7 | ടി.വി.സുന്ദരം & സൺസ് പ്രൈ.ലിമിറ്റഡ്, വള്ളുവമ്പ്രം | 2 |
| 8 | ഐശ്വര്യ പെട്രോളിയം, വള്ളുവമ്പ്രം | 1& 2 |
| 9 | അപരാജിത ഡൈനാമിക് സിൽജറീസ് പ്രൈ.ലിമിറ്റഡ് | 1& 2 |
| 10 | ദീക്ഷ കോർപ്പറേറ്റ് സർവ്വീസ് | 1& 2 |
| 11 | കെ.എസ്.ഇ.ബി, വള്ളുവമ്പ്രം | 1& 2 |
| 12 | എസ്.ബി.ഐ, വള്ളുവമ്പ്രം | 1 |
| 13 | കനറ ബാങ്ക് , വള്ളുവമ്പ്രം | 1 |
| 14 | പൂക്കാട്ട് പോളിമേർസ് | 1& 2 |
| 15 | വിൻ പൈപ്പ്സ് ,പുല്ലാര | 1& 2 |
| 16 | വിന്നർ പ്ലാസ്റ്റിക്സ്, പുല്ലാര | 2 |
| 17 | വിൻ പ്ലാസ്റ്റ്, പുല്ലാര | 2 |

| | | |
|---|---|---|
| 18 | പൂക്കാട്ട് ഇൻഡസ്ട്രീസ്, വള്ളുവമ്പ്രം | 1& 2 |
| 19 | കളത്തിങ്ങൽ പോളി ഫൈൻസ് | 2 |
| 20 | മിനി മുത്തൂറ്റ് നിധി പ്രൈ.ലിമിറ്റഡ് | 2 |

മേൽ സ്ഥാപനങ്ങൾ തൊഴിൽനികുതി അടവാക്കാത്തത് സംബന്ധിച്ച് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് 21-10-16 -ന് നൽകിയ 11-ാം നമ്പർ ഓഡിറ്റ്എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ സ്ഥാപന തൊഴിൽനികുതി ഈടാക്കി പ്രഥമ മറുപടിയിൽ വിവരമറിയിക്കേണ്ടതാണ്.

## 2-3 ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടങ്ങളുടെ വാടക - കാലാനുസൃതമായി പരിഷ്കരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക നാമമാത്രമാണ് ഈടാക്കുന്നത്. കാലാനുസൃതമായി വാടക പരിഷ്കരിക്കാത്തതുമൂലവും വാടകയ്ക്ക് നൽകുന്ന കെട്ടിടങ്ങൾ വർഷം തോറും ഒരേ വ്യക്തിക്ക് തന്നെ പുതുക്കി നൽകുന്നതു മൂലവും പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്. ആയതിനാൽ കെട്ടിട വാടക പരിഷ്കരിക്കുന്നതിനും 3 വർഷം കൂടുമ്പോൾ ലേലം നടത്തി കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നതിനും വാടക സംബന്ധിച്ച ബൈലോ ഉണ്ടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വിൻഡോ പരസ്യം ചെയ്തതിന് അധിക തുക നൽകിയത് അനുവദനീയമല്ല.

താഴെ പറയുന്ന വൗച്ചറുകൾ പ്രകാരം വിൻഡോ പരസ്യങ്ങൾക്ക് അധികതുക നൽകിയിട്ടുണ്ട്. വൗച്ചറിനോടൊപ്പംഹാജരാക്കിയ പത്രങ്ങളുടെ പരസ്യങ്ങൾ പരിശോധിച്ചതിൽ വിൻഡോപരസ്യങ്ങളാണ് പ്രസിദ്ധീകരിച്ചത് എന്ന് ബോധ്യമായി.ആകയാൽ 3*2 കോളം വലിപ്പത്തിലെ പരസ്യത്തിന് വലിയ വലിപ്പത്തിനുള്ള നിരക്ക് നൽകിയത് അനുവദനീയമല്ല. അധികം നൽകിയ 14340 രൂപ തിരികെ ഒടുക്കേണ്ടതാണ്.

| വൗച്ചർ നമ്പർ<br>തീയതി | പത്രത്തിന്റെ പേര്,നൽകിയ തുക | നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|
| 21500025/24-4-15<br>2240 | ചന്ദ്രിക ദിനപത്രം<br>4*8*70=2240<br>ബിൽ നംമ്പർ<br>4978/20-3-15 | 3*2*70=420 | 1820 |
| 21500026/28-4-15<br>3360 | രാഷ്ട്രദീപിക<br>7*8*60=3360 | 3*2*60=360 | 3000 |
| 21500165/14-7-15<br>4800 | ചന്ദ്രിക<br>5*8*120=4800<br>ബിൽ നംമ്പർ 324/28-4-15 | 3*2*120=720 | 4080 |
| 21500166/14-7-15<br>6400 | മലയാള മനോരമ<br>8*5*160=6400 | 3*2*160=960 | 5440 |
| | ആകെ | | 14340 |

14340 രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 അംഗൻവാടികളിലേക്ക് ഭക്ഷണ സാധനങ്ങൾ വാങ്ങിയത് - മാവേലി സ്റ്റോറുകളിലെ വിലയുമായി താരതമ്യ പഠനം നടത്തിയില്ല

| | | |
|---|---|---|
| പ്രോജക്ട് നം. | : | S0039/16 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | ICDS സൂപ്പർവൈസർ |
| പ്രോജക്ട് പേര് | : | പോഷകാഹാരവിതരണംജനറൽ |
| അടങ്കൽ തുക<br>ആകെ | : | ₹22,00,000/- (വികസനഫണ്ട്)<br>₹11,00,000/- (കേന്ദ്രവിഹിതം)<br>₹33,00,000/- |
| ചെലവഴിച്ചത്<br>ആകെ | | ₹22,00,000/- (വികസനഫണ്ട്)<br>₹2,26,091/- (കേന്ദ്രവിഹിതം)<br>₹24,26,091/- |

ഗ്രാമപഞ്ചായത്തിലെ അങ്കനവാടികളിലേക്ക് വിതരണം ചെയ്യുന്നതിനായി പ്രിയം ഫുണ്ട് & കോണ്ടിനെന്റ്, മലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും ഭക്ഷ്യസാധനങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയിസ് നമ്പർ & തീയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1. | 05/20.06.2015 | ₹2,94,855/- | ബിൽനം.04/15-16<br>തീയ്യതി 28/01/2016<br>₹14,99,962/-(വികസനഫണ്ട്) |
| 2. | 13/22.10.2015 | ₹1,33,883/- | |
| 3. | 14/22.10.2015 | ₹2,01,063/- | |
| 4. | 17/11.01.2016 | ₹1,91,720/- | |
| 5. | 18/11.01.2016 | ₹67,043/- | |
| | ആകെ | ₹8,85,564/- | |

ഗവൺമെന്റ് സർക്കുലർ നം. 62393/ഡി.ബി.2/2010/തസ്വഭവ തീയ്യതി 13/11/2010 പ്രകാരം അംഗനവാടികളിലേക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കളും ഭക്ഷ്യ ഉൽപ്പന്നങ്ങളും മാവേലിസ്റ്റോർ, നീതി സ്റ്റോർ സഹകരണ സംഘങ്ങൾ, പൊതു വിതരണകേന്ദ്രങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽ നിന്ന് മാവേലി സ്റ്റോറിലെ വിലയിൽ അധികരിക്കാതെ വാങ്ങാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ഭക്ഷ്യസാധനങ്ങൾ മാവേലി സ്റ്റോറിലെ വിലയുമായി താരതമ്യപഠനം നടത്തിയത് സംബന്ധിച്ച വിവരം ഫയലിൽ ലഭ്യമല്ല. പ്രിയം ഫുഡ് & കോണ്ടിനന്റ് എന്ന സ്ഥാപനം കുടുംബശ്രീ യൂണിറ്റാണെന്ന് വ്യക്തമാക്കുന്ന രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. 4/15-16 തീയ്യതി 17/10/2010 പ്രകാരം പ്രസ്തുത അപാകത രേഖാമൂലം അറിയിച്ചിട്ടുണ്ട്. 18/10/2016 ന് ICDS സൂപ്പർവൈസർ ലഭ്യമാക്കിയ മറുപടിയുടെ കൂടെ ആവശ്യമായ രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ₹8,85,564/- ഓഡിറ്റ് തടസ്സം ചെയ്യുന്നു.

## 3-3 എസ്.സി കോളനികളിൽ കുഴൽക്കിണറുകൾ സ്ഥാപിക്കൽ- അപാകതകൾ

1- വർഷം 2015-16

നിർവഹണ ഉദ്യോഗസ്ഥൻ-അസി.എഞ്ചിനീയർ

പ്രോജെക്ട് നമ്പർ 206/16 പ്രകാരം വിവിധ എസ് സി കോളനികളിൽകുഴൽക്കിണറുകൾ നിർമ്മിക്കുന്നതിന് സർവ്വേ ചാർജ് അടവാക്ക ന്നതിനായി വികസനഫണ്ടി(എസ് സി പി)ൽ നിന്നും 8750 രൂപ ബിൽ നമ്പർ 35/15-16 തി.29-2-16 പ്രകാരം പിൻവലിച്ച്ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ജില്ലാ ഓഫീസിൽ അടവാക്കിയിട്ടുണ്ട്. സർവ്വേ റിപ്പോർട്ട് ഹാജരാക്കാത്തതിനാൽ 8750 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

2- പ്രോജക്ട് നമ്പർ SO162/16 പ്രകാരം പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിലെ പത്ത് എസ്സി കോളനികളിൽ കുഴൽക്കിണറുകൾ നിർമ്മിക്കുന്നതിനായി തനത് ഫണ്ടിൽ നിന്നും 480000 രൂപ ചെലവ് ചെയ്തിട്ടുണ്ട്.(ചെക്ക്നമ്പർ-1141237/22-3-16)

കോൺട്രാക്ടർ-കെ സിദ്ദിഖ് അലി

എഗ്രിമെന്റ്-71/15-16 തി.3-10-15

ചെലവ് വിവരം

സർവ്വേ ചാർജ് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് നൽകിയത്-17500

വാറ്റ്-18500

നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-4625

ആദായനികുതി-4625

കോണ്ട്രാക്ടർക്ക നൽകിയത്-434750

കുഴൽക്കിണറുകൾ നിർമ്മിച്ചതിന്റെ പൂർത്തീകരണവിവരം ലഭ്യമാക്കാത്തതിനാൽ 480000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.ഇതു സംബന്ധിച്ച് നമ്പർ 6/19-10-16 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.

## 3-4 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല.ചെലവ് തുക തടസ്സം ചെയ്യുന്നു

2015-16 വർഷത്തിൽ സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജെക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയില്ല.

| ക്രമനമ്പർ | പ്രൊജെക്ട് നമ്പർ | പ്രോജെക്ടിന്റെ പേര് | അടവാക്കിയ തുക | ഡി.ഡി നമ്പർ/തീയതി |
|---|---|---|---|---|
| 1 | 3/16 | ഐ.എ.വൈ.അധിക വിഹിതം-ജനറൽ | 1100000 | 542222/ 16-2-16<br>സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് മലപ്പുറം |
| 2 | S0177/16 | ചരിച്ചിയിൽ മുക്ക് ദാറുൽ ഉലൂം മദ്രസപ്പടി വൈദ്യുത ലൈൻ മാറ്റൽ | 95296 | 505664/29-6-15<br>അസ.എഞ്ചിനീയർ,ഇലക്ട്രിക്കൽ സെക്ഷൻ<br>വള്ളുവമ്പ്രം |
| | ആകെ | | 1195296 | |

മേൽ സാഹചര്യത്തിൽ 11,95,296രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-5 വെറ്ററിനറി ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ - അപാകതകൾ

| | | |
|---|---|---|
| പ്രോജക്ട് നം. | : | S0043/16 |
| നിർവ്വഹണഉദ്യോഗസ്ഥൻ | : | വെറ്ററിനറി സർജ്ജൻ |
| അടങ്കൽ തുക | : | ₹1,00,000/- [മെയ്ന്റനൻസ് ഫണ്ട് (എൻ.ആർ.)] |
| ചെലവഴിച്ചത് | : | ₹99,983/- |
| ബിൽ നം. | : | C2/2015-16 തീയ്യതി 26/03/2016 - ₹99,983/- |

പഞ്ചായത്തിലെ വെറ്ററിനറി ഡിസ്പൻസറിയിലേക്ക് ജെ.ജെ. ഫാർമ നിലമ്പൂർ എന്ന സ്ഥാപനത്തിൽ നിന്ന് ₹99,983/-യുടെ മരുന്നുകൾ വാങ്ങിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ജില്ലയിലെ മൃഗസംരക്ഷണ ഡെപ്യൂട്ടി ഡയറക്ടർ നൽകുന്ന നോൺ അവൈലബിലിറ്റ് സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
2. ജെ.ജെ. ഫാർമ, നിലമ്പൂർ എന്ന സ്ഥാപനത്തിന് ക്വട്ടേഷൻ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് ഫയലിൽ ലഭ്യമല്ല.

മേല്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നമ്പർ 10/15-16 തീയ്യതി 20/10/2016 പ്രകാരം രേഖാമൂലം അറിയിച്ചിട്ടുണ്ട്. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ₹99,983/- ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-6 പട്ടികജാതി കുടുംബങ്ങൾക്ക് കറവ പശു വാങ്ങി നൽകൽ - അപാകതകൾ

| | | |
|---|---|---|
| പ്രോജക്റ്റ് നം. | : | S0044/16 (SCP) |
| നിർവ്വഹണഉദ്യോഗസ്ഥൻ | : | വെറ്ററിനറി സർജ്ജൻ |
| അടങ്കൽ തുക | : | ₹1,80,000/- |
| ചെലവഴിച്ചത് | : | 1. ₹1,79,446/- (SCP) - ബിൽ നം. C3/2015-16 തീയ്യതി 26/03/2016<br>DD No. 054623 തീയ്യതി --- ₹1,79,446/- |
| | | 2. ₹554/- ചെക്ക് നം. 85085 തീയ്യതി 26/03/2016 |
| ആകെ | : | ₹1,80,000/- |

ഗ്രാമപഞ്ചായത്തിലെ പട്ടികജാതി കുടുംബങ്ങൾക്ക് കറവപശു വാങ്ങിനൽകൽ പ്രോജക്റ്റ് പ്രകാരം 9 ഗുണഭോക്താക്കൾക്ക് ₹20,000/- നിരക്കിൽ പശുക്കളെ വാങ്ങിനൽകിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഗുണഭോക്താക്കളിൽ നിന്നും പശുവിനെ 3 വർഷം വളർത്തണമെന്ന കരാർ ഉടമ്പടി വച്ചിട്ടില്ല.
2. പശുക്കളെ ഇൻഷ്യൂർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

പ്രസ്തുത അപാകതകൾ ഓഡിറ്റ് എൻക്വയറി നമ്പർ 9/15-16 തീയ്യതി 20/10/2016 പ്രകാരം രേഖാമൂലം അറിയിച്ചിട്ടുണ്ട്. ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക ₹1,80,000/- ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-7 മരുന്നുകൾ യഥാസമയം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള വിവിധ ആശുപത്രികളിൽ 2015-16 വർഷത്തിൽ മരുന്നുകൾ വാങ്ങിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ആശുപത്രിയുടെ പേര് | പ്രോജെക്റ്റ് നമ്പർ/പേര് | മരുന്നു വാങ്ങിയ സ്ഥാപനം | അടവാക്കിയ തുക | തുക അടവാക്കിയ തീയതി | മരുന്ന് ലഭ്യമായ തീയതി | ലഭ്യമാക്കുവാൻ അവശേഷിക്കുന്ന മരുന്നിന്റെ വില |
|---|---|---|---|---|---|---|---|
| 1 | ഹോമിയോ ആശുപത്രി | ഹോമിയോ ആശുപത്രിക്ക് മരുന്നു വാങ്ങൽ | കേരള ഹോമിയപ്പതിക്ക്കോ-ഓപ്പറേറ്റിവ് സൊസൈറ്റി | 100000 | 31-3-16 | 28-9-16 | ----- |
| 2 | ആയുർവേദ ആശുപത്രി | ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ | ഔഷധി | 300000<br>50000 | 20-10-15<br>1-3-16 | 16-3-16<br>19-7-16 | ------ |
| 3 | പി എച്ച് സി | പരിരക്ഷയ്ക്ക് മരുന്നു വാങ്ങൽ | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ | 59889 | 31-3-16 | ലഭ്യമായിട്ടില്ല. | 59889 |

ലഭ്യമാക്കുവാൻ അവശേഷിക്കുന്ന മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. മരുന്നുകൾ യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യത്തിലധികം കോണ്ക്രീറ്റിംഗ് ചെയ്ത് വൻതുക പാഴ്ചെലവ് ഉണ്ടാക്കുന്നു.

2015-16 വർഷത്തിൽ പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്തിൽ വിവിധ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കായി ചെലവ് ചെയ്ത തുക28-9-15 ലെ ചീഫ് എഞ്ചിനീയറുടെ ഡി.ബി 4/9099/2015/സി.ഇ /തസ്വഭവ കത്തിന് വിരുദ്ധമായിട്ടാണ്. അമിത കനത്തിലുള്ള കോൺക്രീറ്റിംഗ് പ്രവൃത്തികൾ പഞ്ചായത്തിന്റെ ഫണ്ടിന് പാഴ്ചെലവുണ്ടാക്കുന്നതായി കാണുന്നു. നടപ്പാതകളുടെ പ്രാധാന്യം പരിഗണിച്ച് സി.സി 1:4:8,10 സെന്റീമീറ്റർ കനത്തിൽ ചെയ്തതിനു മുകളിൽ 1:2:4 സി.സി 5 സെന്റീമീറ്റർ ഉയരത്തിൽ ചെയ്യാവുന്നതാണെന്ന സി.ഇ യുടെ നിർദ്ദേശം പാലിക്കാതെ റോഡ് പ്രവൃത്തികൾ അമിത

കനത്തിൽ ചെയ്ത് പാഴ്ച്ചെലവ് വരുത്തിയതിന് ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനംമ്പർ | റോഡ്പ്രവൃത്തിയുടെ വിവരം | ഇനം 1 റോഡ് നിരപ്പാക്കുന്നതിന് മണ്ണ്കിളച്ചുമറ്റൽ | ഇനം 2 ക്വാറി മക്ക് നിരത്തൽ(m3) | ഇനം 3 ,1:4:8 അനുപാതത്തിൽ 40mmമെറ്റൽ ഉപയോഗിച്ച് കോൺക്രീറ്റ് ചെയ്യൽ(m3) | ഇനം 4 ,1:2:4 അനുപാതത്തിൽ 20mmമെറ്റൽ ഉപയോഗിച്ച് കോൺക്രീറ്റിംഗ് (m3) |
|---|---|---|---|---|---|
| | പുളിശ്ശേരി പതിനേഴ് പാത്ത് വേ കോൺക്രീറ്റിംഗ്SO069/16<br>അടങ്കൽ-200000(CFC ഗ്രാന്റ്<br>കൺവീനർ-ശ്രീ നിഷാംജ് കെ പി<br>എംബുക്ക്-463/14-15<br>ടി എസ്-524/aee/LSGD/MPM /2015-16 തി.26-8-15(200000)<br>ബിൽ നംമ്പർ-22/15-16തി.17-2-16(200000) | 144.9m2<br>5723.5/100 m2<br>8292.84 | 28.98m3<br>1097/1m3<br>31791.08 | 14.49m3<br>4880.10/m3<br>70712.65 | 14.49m3<br>6202.10/m3<br>89868.43 |
| | ഓട്ടാപ്പുറം മലയിൽ റോഡ് കോൺക്രീറ്റിംഗ് രണ്ടാംഘട്ടം<br>SO033/16<br>അടങ്കൽ-150000(വികസനഫണ്ട്)<br>കൺവീനർ-ശ്രീ ഹംസ കെ<br>എംബുക്ക്-462/14-15<br>ടി എസ് -525/AEE/LSGD/MPM /2015-16തി.26-8-15(150000)<br>ബിൽ നംമ്പർ-23/15-16തി.17-2-16(150000) | 107.1/m2<br>5723.15/100m2<br>6129.49 | 21.42m3<br>1097/m3<br>23497.74 | 10.71m3<br>4880.10/m3<br>52265.87 | 10.71m3<br>6202.10/m3<br>66424.49 |
| | പിലാക്കൽ കോഴിശ്ശേരിമുക്ക് റോഡ് കോൺക്രീറ്റിംഗ്<br>SO058/16<br>അടങ്കൽ-ശ്രീ പി അസീസ് | 197.01/m2<br>5723.15/100m2<br>11275.18 | 39.38m3<br>1097/m3<br>43199.86 | 19.68/m3<br>4880.10/m3<br>96040.37 | 19.68m3<br>6202.10m3<br>122057.33 |

| | | | | | |
|---|---|---|---|---|---|
| | എംബുക്ക്-480/14-15<br>ടി എസ്-400/aee/lsgd/mpm/2015-16<br>തി.30-6-15(300000)<br>ബിൻ നംമ്പർ-36/2015-16തി.29-2-16(288928) | | | | |
| | ആലുണ്ടപ്പറ്റ-അതികാച്ചാൽ<br>റോഡ് കോൺക്രീറ്റിംഗ്<br>SO084/16<br>അടങ്കൽ-100000(വികസനഫണ്ട്)<br>കൺവീനർ-ശ്രീ എം ജലീൽ<br>എംബുക്ക്-404/14-15<br>ടി എസ് നംമ്പർ-409/AEE/LSGD/MPM/2015-16തി.2-7-15(100000)<br>ബിൽ നംമ്പർ-38/15-16 തി.3-3-16(100000) | ഇല്ല | 14.83m3<br>1097/m3<br>16268.51 | 7.41m3<br>4880.10<br>m3<br>36161.54 | 7.41m3<br>6202.10/m3<br>46957.56 |
| | കക്കാടമ്മൽ കോളനി റോഡ്<br>കോൺക്രീറ്റിംഗ്<br>SO83/16<br>അടങ്കൽ-200000<br>കൺവീനർ-ശ്രീ കൃഷ്ണൻ<br>എംബുക്ക്-403/14-15<br>ടി എസ് നംമ്പർ-473/AEE/LSGD/MPM/2015-16 തി.7-8-15(200000) | ഇല്ല | 22.04m3<br>1097/m3<br>24177.88 | 14.69m3<br>4880.10/m3<br>71688.67 | 14.69m3<br>6202.10m3<br>91108.85 |

അപാകതകൾ

1 മേൽ പ്രവൃത്തികളിൽ ഇനം 1 ആയി റോഡ് പ്രതലം നിരപ്പാക്കിയ ശേഷം gsb ആയി ക്വാറി മക്ക് നിറച്ചിട്ടുണ്ട്.ക്വാറി മക്ക് നിരത്തുമ്പോൾ പ്രതലം നിരപ്പാക്കുന്നതിനാൽ ഇനം 1 പ്രവൃത്തി ആവശ്യമില്ലാത്തതാണ്.

2 ടാർ ചെയ്യുന്ന റോഡിൽ IRC സ്പെസിഫിക്കേഷൻ പ്രകാരമുള്ള GSB യ്ക്കായി ക്വാറിമക്ക് നിരത്തിയതിനു മുകളിൽ സോളിംഗ് 75 cmഉം മെറ്റലിംഗ് 7.5 cmഉം അതിനു മുകളിൽ ടാറിംഗ് 2.5cmഉം കനത്തിൽ ആകെ 17.5 cm ആണ് റോഡിന്റെ കനം ഭാരമേറിയ വാഹനങ്ങൾ പോലും കടന്നുപോകാൻ തക്ക ഉറപ്പുള്ള റോഡ് 17.5 cm കനത്തിലായിരിക്കെ അതിനേക്കാൾ ഉറപ്പുള്ള കോൺക്രീറ്റ് റോഡിന് 15cm കനത്തിൽ ക്വാറിമക്ക് നിരത്തി അതിനു മുകളിൽ 1:4:8 അനുപാതത്തിൽ 40mm മെറ്റൽ ഉപയോഗിച്ച് അതിനു മുകളിൽ 1:2:4 അനുപാതത്തിൽ 20mm മെറ്റൽഉപയോഗിച്ചും 10cm കനത്തിൽ കോൺക്രീറ്റ് ചെയതത് അധിക ചെലവിന് കാരണമായിട്ടുണ്ട്.ആയതിനാൽ ടാർ റോഡിന്റെ കനത്തിൽ പരിമിതപ്പെടുത്തി കോൺക്രീറ്റ് പ്രവൃത്തികൾ ചെയ്ത് അധിക ചെലവ്ഒഴിവാക്കേണ്ടതാണ്.ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി 5/19-10-16 പ്രകാരം അസി.എഞ്ചിനീയറോട് വിശദീകരണം തേടിയിരുന്നു.

## 3-9 ഗുണഭോക്തൃസമിതി മുഖേനയുള്ള മരാമത്ത് പ്രവൃത്തികൾ-മാർഗ്ഗരേഖ പാലിക്കുന്നില്ല.

പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്തിൽ 2015-16 ൽ നിർവഹണം നടത്തിയ 112 പ്രവൃത്തികളിൽ 89 എണ്ണം ഗുണഭോക്തൃ സമിതിയാണ് നിർവഹണം നടത്തിയിട്ടുള്ളത്. എന്നാൽ സംസ്ഥാന ആസൂത്രണ ബോർഡ് 1999 ൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗരേഖയിലും പൊതു മരാമത്ത് ചട്ടങ്ങളിലും നിർദ്ദേശിച്ച പ്രകാരമുള്ളനടപടിക്രമങ്ങൾ ഒന്നും തന്നെ പാലിച്ച് കാണുന്നില്ല. പൊതു മരാമത്ത് പ്രവൃത്തികൾ സുതാര്യമായിരിക്കണമെന്ന ഉദ്ദേശത്തോടെയുള്ള മേൽ മാർഗ്ഗരേഖ പാലിക്കാതെയാണ് പ്രവൃത്തികൾ നടത്തിയിട്ടുള്ളത്.

1 ഗുണഭോക്തൃ സമിതിയിൽ 15 അംഗങ്ങൾ ഉണ്ടായിരിക്കണമെന്നും30% സ്ത്രീകളായിരിക്കണമെന്ന നിബന്ധന പാലിച്ചിട്ടില്ല.

2 പണമിടപാടിന് സംയുക്ത ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല.ഹാജരാക്കിയ ബാങ്ക് പാസ്സ്ബുക്ക് കൺവീനറുടെ മാത്രം പേരിലാണ്.ബിൽ തുക നിക്ഷേപിച്ച് അത് പിൻവലിക്കുന്ന ഒറ്റ ഇടപാട് മാത്രമാണ് നടത്തിയിട്ടുള്ളത്.കൺവീനറുടെയും ചെയർമാന്റെയും പേരിൽ സംയുക്തബാങ്ക് അക്കൗണ്ട് തുടങ്ങി അതിലൂടെയാകണം ഇടപാട് നടത്തേണ്ടത്.

3 മസ്റ്റർറോളിൽ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

4 നിർമ്മാണ സാമഗ്രികൾ വാങ്ങൽ-പ്രവൃത്തിക്കാവശ്യമായ സാധനങ്ങൾ

ഗുണനിലവാരവും വിലയും പരിശോധിച്ച് വാങ്ങണം. മണൽ,ക്വാറിപ്പൊടി,മെറ്റൽ എന്നിവയ്ക്ക് വെള്ളപ്പേപ്പറിലുള്ള കൈപ്പറ്റ് രശീതി മാത്രമാണ് ഹാജരാക്കിയത്.

5 വരവ് ചെലവ് കണക്ക് പുസ്തകം സൂക്ഷിച്ചിട്ടില്ല.

6 മിനുട്ട്സിൽ രണ്ടോ മൂന്നോ മീറ്റിംഗ് നടത്തിയ വിവരം മാത്രമെ ചേർത്തിട്ടുള്ളൂ.

7 ദൈനംദിന ഡയറി സൂക്ഷിക്കുന്നില്ല.

8 പൂർത്തീകരണ റിപ്പോർട്ടില്ല.

9 സംരക്ഷണ കമ്മിറ്റി രൂപീകരിച്ച് തുടർ നടത്തിപ്പ് കമ്മിറ്റിക്ക് കൈമാറിയതായി കാണുന്നില്ല.

നിർമ്മാണ പ്രവൃത്തികളുടെ നടത്തിപ്പിൽകരാർ മുഖേനയുള്ള പ്രവൃത്തികൾ പരമാവധി ഒഴിവാക്കുന്നതിനും ജനപങ്കാളിത്തത്തോടെ സുതാര്യവും ഗുണനിലവാരം ഉയർത്തിയുംചെലവ് ചുരുക്കിയും നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് വേണ്ടിയാണ് സർക്കാർ ഗുണഭോക്തൃസമിതി വഴിയുള്ള പ്രവൃത്തി പ്രോത്സാഹിപ്പിക്കുന്നത്. എന്നാൽ ഇവ പാടെ നിരാകരിക്കുന്ന തരത്തിലാണ്പഞ്ചായത്ത് പദ്ധതി നിർവഹണം നടത്തിയിട്ടുള്ളത്.ഈ അപാകതകളിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

പരിഹാര നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-10 സമഗ്ര ആരോഗ്യ പദ്ധതി -അപാകതകൾ

സമഗ്ര ആരോഗ്യ പദ്ധതി -അപാകതകൾ

2015-16 വർഷം മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ പ്രോജെക്ട് നമ്പർ S0047/16 ,സമഗ്ര ആരോഗ്യ

പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന ചെലവുകൾ നടത്തിയിട്ടുണ്ട്.

വികസനഫണ്ട്

ബിൽ നംമ്പർ-2/15-16 തി.28-1-16

| ക്രമ നംമ്പർ | ഇനം | കോപ്പികൾ | തുക |
|---|---|---|---|
| 1 | കാൻസർ രോഗികൾക്കുള്ള കൈപ്പുസ്തകം | 5000 | 49550 |
| 2 | ആരോഗ്യ കൈപ്പുസ്തകം | 2000 | 49200 |
| | ആകെ | | 98750 |

ജി.ഒ(എം.എസ്) 362/13 തി.16-11-13 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖ ഖ. 7-7 പ്രകാരം ഉല്പ്പാദനകരമല്ലാത്ത ചെലവുകൾ നടത്തുവാൻ പാടില്ലെന്ന വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ കൈപുസ്തകങ്ങൾ സ്റ്റോക്കിലെടുത്തു വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. മേൽ സാഹചര്യത്തിൽ 98750 രൂപ ഓഡിറ്റിൽ തടസ്സംചെയ്യുന്നു.ഇതു സംബന്ധിച്ച് 2/17-10-16 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 3-11 ടച്ച് സ്ക്രീൻ പ്രവർത്തനസജ്ജമാക്കണം

2015-16 വർഷത്തിൽ അസി.എഞ്ചിനീയർ നിർവഹണ ഉദ്യോഗസ്ഥനായി പ്രോജെക്ട് നംമ്പർ-SO182/16 പ്രകാരം വികസനഫണ്ടിൽ നിന്നും 44461 രൂപ ചെലവ് ചെയ്ത് ടച്ച് സ്ക്രീൻ കൗണ്ടർ സ്ഥാപിച്ചിട്ടുണ്ട്.

2014-15 വർഷത്തിൽ സെക്രട്ടറി നിർവഹണഉദ്യോഗസ്ഥനായി പ്രോജെക്ട് നംമ്പർ-153/15 പ്രകാരം വികസനഫണ്ടിൽനിന്നും 130400 രൂപ ചെലവഴിച്ച് ടച്ച് സ്ക്രീൻ വാങ്ങിയിരുന്നു .(Touch Screen Information Kiosk).ടച്ച് സ്ക്രീൻ വാങ്ങിയതിന് ഏകദേശം ഒരു വർഷംകഴിഞ്ഞാണ് ടച്ച് സ്ക്രീൻ കൗണ്ടർ സ്ഥാപിച്ചത്.നിലവിൽ ടച്ച് സ്ക്രീൻ പ്രവർത്തനരഹിതമായിക്കിടക്കുകയാണ്. ടച്ച് സ്ക്രീൻ പ്രവർത്തനസജ്ജമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-12 ഹമഡ്മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായ ചെലവുകൾ - രേഖകൾ ഹാജരാക്കിയില്ല.

2015-16 കാലയളവിൽ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിൽ വിദ്യാഭ്യാസ മേഖലയിൽ ചെലവഴിച്ച 24,54,000/- രൂപയുടെ ചെലവ് രേഖകൾ, ഓഡിറ്റിന് ഹാജരാക്കിയില്ല. സേവനത്തിൽ നിന്നും വിരമിച്ച ഹെഡ്മാസ്റ്റർ ശ്രീ.ഇ.എം. ജോൺ എന്നയാളായിരുന്നു ഈ കാലയളവിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ. ഐ.കെ.എം. തയ്യാറാക്കിയ ചെലവു പത്രിക പ്രകാരം താഴെ പറയും പ്രകാരം പദ്ധതികൾക്ക് ചെലവു നടന്നതായി കാണുന്നു. എന്നാൽ ചെലവുകളുടെ വൗച്ചർ അടങ്ങിയ ഫയലുകൾ, ട്രഷറി ബിൽ ബുക്ക്, മറ്റ് അനുബന്ധ രജിസ്റ്ററുകൾ എന്നിവയൊന്നും നിലവിലെ നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. പ്രോജക്റ്റുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റിന്റെ പേര്/നമ്പർ | വകയിരുത്തിയ തുക/ഫണ്ട് | ചെലവഴിച്ച തുക |
|---|---|---|---|
| 1 | എസ്.എസ്.എ വിഹിതം അടവാക്കൽ (034/16) | 17,20,000/-വികസനഫണ്ട് | 17,20,000/- |
| 2 | മുന്നേറ്റം-സമഗ്രവിദ്യാഭ്യാസ പദ്ധതി ( 035/16) | 2,00,000/- തനത് ഫണ്ട് | 2,00,000/- |
| 3 | തുടർവിദ്യാഭ്യാസ പദ്ധതി(036/16) | 85,000/- തനത് ഫണ്ട് | 65,000/- |
| 4 | സ്കൂൾ കലാ കായികോത്സവം(37/16 ) | 1,50,000/- തനത് ഫണ്ട് | 1,50,000/- |
| 5 | സ്കൂളുകൾക്ക് പത്ര വിതരണം(053/16) | 1,00,000/- തനത് ഫണ്ട് | 1,00,000/- |
| 6 | മുതിരപ്പറമ്പ് ജി.യു.പി സ്കൂളിന് ഫർണ്ണിച്ചർ വാങ്ങൽ( 160/16) | 75,801/- വികസന ഫണ്ട്<br>1,768/- തനത് ഫണ്ട് | 75,000/-<br>- |

| | | | |
|---|---|---|---|
| | | 60,000/- മെയിന്റൻസ് ഗ്രാന്റ് (നോൺ റോഡ്) | 60,000/- |
| 7 | ജി.എൽ.പി.എസ്(ഓൾഡ്) പൂക്കോട്ടൂരിലേക്ക് ഫർണ്ണിച്ചർ വാങ്ങൽ (190/16) | 7,028/- തനത് ഫണ്ട്<br>82,207/- മെയിന്റൻസ് ഗ്രാന്റ് (നോൺ റോഡ്) | 1,793/-<br>82,207/- |
| ആകെ | | | 24,54,000/- |

ചെലവ് രേഖകൾ ഹാജരാക്കാൻ നിരന്തരം ആവശ്യപ്പെട്ടിട്ടും ലഭ്യമാക്കാത്തതിനെ തുടർന്ന് 19-10-2016 – നിലവിലെ ഹെഡ്മാസ്റ്ററായ ശ്രീ.ഹംസക്ക് ഫോറം II ൽ ഓഡിറ്റ് റിക്വസിഷൻ നൽകുകയുണ്ടായി. എന്നാൽ 2016-17 – ൽ നിർവ്വഹണോദ്യാഗസ്ഥനായി താൻ ചുമതലയേറ്റപ്പോൾ 15-16 -ലെ നിർവ്വഹണോദ്യോഗസ്ഥനായ ഹെഡ്മാസ്റ്റർ ശ്രീ.ജോൺ തനിക്ക് യാതൊരു രേഖയും കൈമാറിയിട്ടില്ലെന്ന് ശ്രീ.ഹംസ 20-10-16 -ന് ലഭ്യമാക്കിയ മറുപടിയിൽ അറിയിക്കുകയുണ്ടായി. പിന്നീട് ഗ്രാമ പഞ്ചായത്ത് അധികൃതർ ഫോൺ മുഖാന്തിരം ബന്ധപ്പെട്ടതിനെ തുടർന്ന് രണ്ട് ദിവസത്തിനകം ഫയൽ ഹാജരാക്കാമെന്ന് ടിയാൻ ഉറപ്പ് നൽകുകയുമുണ്ടായി. എന്നാൽ ഓഡിറ്റ് അവസാനിക്കുന്ന തീയതി(21-10-2016)വരെയും യാതൊരു രേഖയും ഹെഡ്മാസ്റ്റർ ഹാജരാക്കുകയുണ്ടായില്ല.

ഇതിനെ തുടർന്ന് 23-01-2017 -ന് മുഴുവൻ ചെലവ് രേഖകളുമായി മലപ്പുറം ജില്ലാ ഓഡിറ്റ് കാര്യാലയത്തിൽ ഹാജരാക്കാനാവശ്യപ്പെട്ട് ഫോറം III ൽ തയ്യാറാക്കി 05-01-16- ന് അയച്ച സമൻസ് 09-01-2017 ന് ഉത്തരവാദിയായ ഹെഡ്മാസ്റ്റർ ശ്രീ.ജോൺ കൈപ്പറ്റുകയുണ്ടായി. 23-01-2017 -ന് ടിയാൻ ഹാജരായെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാൻ കുറച്ചുസമയംകൂടി നൽകണമെന്ന് അപേക്ഷിച്ചു. 04-02-2017ന് ടി രേഖകൾ ഈ ഓഫീസിൽ സമർപ്പിക്കാമെന്ന് അപേക്ഷയിൽ ബോധിപ്പിച്ചു. ടിയാന്റെ അഭ്യർത്ഥന പരിഗണിച്ച് 04-02-17 വരെ സമയം നൽകിയെങ്കിലും, ഫയലുകൾ ഓഡിറ്റിനായി ഹാജരാക്കുകയോ എന്തെങ്കിലും വിവരങ്ങൾ അറിയിക്കുകയോ ചെയ്തില്ല. ഹെഡ്മാസ്റ്ററുടെ തീർത്തും നിരുത്തരവാദപരമായ ഈ സമീപനം ഓഡിറ്റ് അംഗീകരിക്കുന്നില്ല.

ഈ സാഹചര്യത്തിൽ 1997- ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ ചട്ടം 12(2) പ്രകാരം ബന്ധപ്പെട്ട രേഖയോ കണക്കോ നിലവിലില്ലെന്ന നിഗമനത്തിൽ 24,54,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ചെലവ് തുക ഉത്തരവാദിയായ ഹെഡ്മാസ്റ്റർ ശ്രീ.ജോണിൽ തിരികെ ഈടാക്കേണ്ടതാണ്.

## 3-13 ആശ്രയ പദ്ധതി ഒരവലോകനം

പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിൽ ആശ്രയ പദ്ധതിക്കായി താഴെ പറയുന്ന തര ത്തിൽ ഫണ്ട് ലഭിച്ചിട്ടുണ്ട്.

| ക്രമനംമ്പർ | ഇനം | 2015-16 | മുൻ വർഷങ്ങളിൽ ലഭിച്ചത് | അക്കൗണ്ട് നംമ്പർ/ബാങ്ക് |
|---|---|---|---|---|
| 1 | ചലഞ്ച് ഫണ്ട് | 367733 | 230110 | 6696<br>കനറാ ബാങ്ക്<br>വള്ളുവമ്പ്രം |
| 2 | പ്ലാൻ ഫണ്ട് | - | 1364166 | 2462<br>സർവ്വീസ് സഹകരണബാങ്ക്<br>പൂക്കോട്ടൂർ |

2015-16 വർഷം ആശ്രയ പദ്ധതി പ്രകാരം യാതൊരു പ്രവർത്തനവും ഗ്രാമ പഞ്ചായത്തിൽ നടന്നിട്ടില്ല. രണ്ടാം ഘട്ട പ്രകാരം 4 പേർക്ക് വീട് വയ്ക്കാൻ സ്ഥലവും 11 പേർക്ക് വീടും 4 പേർക്ക് വീട് റിപ്പയറും ആവശ്യമുണ്ട്. സമൂഹ ത്തിന്റെ താഴെ തട്ടിലുള്ള അവശതയനു ഭവിക്കുന്നവർക്കുള്ള ആശ്രയ പദ്ധതി പഞ്ചായത്തിൽ കാര്യക്ഷമമായി നടപ്പിലാക്കാത്തതിന് വിശദീകരണം നൽ കേണ്ടതാണ്.

## 3-14 മരാമത്ത് പ്രവൃത്തികൾ-അപാകതകൾ

രജിസ്റ്ററുകൾ സൂക്ഷിക്കുന്നത് സംബന്ധിച്ച്

1 ടെണ്ടർ രജിസ്റ്റർ-ടെണ്ടർ അംഗീകരിച്ച തീരുമാന നമ്പർ/തീയതി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.സാക്ഷ്യപ്പെടുത്തുന്നില്ല.

2 എഗ്രിമെന്റ് രജിസ്റ്റർ-പൂർത്തീകരിച്ചിട്ടില്ല.

3 എംബുക്ക്-മെമ്മോ ഓഫ് പേയ്മെന്റ് ചേർത്ത് അസി.എഞ്ചിനീയർ

സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4 നിർമ്മാണതൊഴിലാളി ക്ഷേമനിധികൾക്ക് കൈപ്പറ്റ് രശീതി ഹാജരാക്കുന്നില്ല.

പ്രവൃത്തികളുടെ ബാഹുല്ല്യം സംബന്ധിച്ച്

2015-16 വർഷത്തിൽ 112 മരാമത്ത് പ്രവർത്തികൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ട്. ഓഡിറ്റ് വർഷം 103 പ്രവൃത്തികൾക്കാണ്

തുക ചെലവഴിച്ചത്. ആകെ 23614186 രൂപ വകയിരുത്തിയതിൽ

19400660 രൂപ ചെലവഴിച്ചിട്ടുണ്ട്. പ്രവൃത്തികൾക്ക് അംഗീകാരം നേടാൻ താമസിച്ചതും, പ്രവൃത്തികളുടെ ബാഹുല്ല്യവും , പരിമിതമായ സ്റ്റാഫും (മൂന്ന് ജീവനക്കാർ)പദ്ധതി നിർവഹണത്തിൽ തടസ്സം ഉണ്ടാക്കുന്നുണ്ട്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | നിലവില്ലുള്ള തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുകയും സ്ട്രീറ്റ് മെയിൻ സ്ഥാപിക്കലും | 34/15-16/ 30-03-16<br>35/15-16/ 30-03-16 | 10,01,000<br>3,00,000 | - | 10,01,000<br>3,00,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1793540 |
| തൻവർഷം നിക്ഷേപിച്ച തുക | 283977 |
| ആകെ | 2077517 |

| | |
|---|---|
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2077517 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| വള്ളുവമ്പ്രം സർവ്വീസ് സഹകരണ ബാങ്കിൽ ഫിക്സഡ് ഡെപ്പോസിറ്റ് | 2077517 |
| ആകെ | 2077517 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 4211/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2010-11 | 3(14) | 750 | ശ്രീ.മൻസൂർ, മെമ്പർ | 11501102713/14-10-15 |
| 2011-12 | 3(11) | 3461 | ശ്രീമതി.ഒ.വിജയകുമാരി, ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 11501103890/28-01-16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3(8) | 2011-12 | - | കൃഷിഅവലോകനം | നിയമ സഭ സമിതിയുടെ പരിഗണനയിലാണ് |
| 2009-10<br>2010-11 | 3(21) | 2013-14 | - | ലഘുഅവലോകനം | -ടി- |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 4,02,40,451 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,17,72,497 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ---- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 2464340 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2948343 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 14,340 | ശ്രീ.പി.കെ.രാജീവ്, സെക്രട്ടറി ഇൻ ചാർജ്ജ് |
| 3-12 | | 24,50,000 | ശ്രീ. ഇ.എം.ജോൺ, ഹെഡ്മാസ്റ്റർ |

ആകെ - 14,64,340

=====

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 2,94,855<br>5,90,709 | ശ്രീമതി.സലീന,ഐ.സി.ഡി.എസ്.സൂപ്പർവൈസർ<br>ശ്രീമതി. ലില്ലി മാത്യു, -ടി- |
| 3-3 | 4,88,750 | ശ്രീ.നിഖിൽ ജെ. കുമാർ, അസി.എഞ്ചിനീയർ |
| 3-4 | 11,00,000,<br>95,296, | ശ്രീ.അഭിലാഷ്, സെക്രട്ടറി ഇൻ ചാർജ്ജ്.<br>ശ്രീ.രാജീവ്.പി, സെക്രട്ടറി ഇൻ ചാർജ്ജ് |
| 3-5 | 99,983 | ഡോ.ബിന്ദു പി.പിള്ള, വെറ്ററിനറി സർജൻ |
| 3-6 | 1,80,000 | ഡോ.ബിന്ദു പി പിള്ള, വെറ്ററിനറി സർജൻ |
| 3-10 | 98,750 | ഡോ. ഉമ്മർ പള്ളിയാളി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം: ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ: ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരുംഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്നസമയത്തെ)ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാജീവ്.പി, സെക്രട്ടറിഇൻചാർജ്ജ് | അസി. സെക്രട്ടറി, പൊന്മള ഗ്രാമ പഞ്ചായത്ത് | ചെമ്പ്രശ്ശേരി(വീട്)മുണ്ടുപറമ്പ്, മലപ്പുറം |
| ശ്രീ. ഇ.എം.ജോൺ, ഹെഡ്മാസ്റ്റർ | വിരമിച്ചു. | പുല്ലുകാലയിൽ ഹൗസ്, മങ്കട.പി.ഒ., മലപ്പുറം ജില്ല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെവിവരം | തീർപ്പാക്കാൻഅവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1992-93<br>1993-94 | എൽ.എഫ്.എം.14/677/97 തീയതി 19.10.2010 | 15 | - |
| 1994-95<br>1995-96 | എൽ.എഫ്.എം.14/450/01 തീയതി: 19.10.2010 | 12 | - |
| 1998-99 | എൽ.എഫ്.എം.17/1330/03 തീയതി: 19.10.2010 | 28 | - |

| | | | |
|---|---|---|---|
| 1999-00 | എൽ.എഫ്.എം.17/688/03 തീയതി: 19.10.2010 | 05 | - |
| 2000-01 | എൽ.എഫ്.എം.17/377/04 തീയതി: 19.10.2010 | 36 | - |
| 2001-02 | എൽ.എഫ്.എം.17/1196/03 തീയതി: 19.10.2010 | 06 | - |
| 2002-03 | എൽ.എഫ്.എം.17/1732/04 തീയതി: 19.10.2010 | 11 | - |
| 2003-04 | എൽ.എഫ്.എം.17/2074/06തീയതി: 19.10.2010 | 23 | - |
| 2004-05 | എൽ.എഫ്.എം.10/932/09 തീയതി: 19.10.2010 | 21 | - |
| 2005-06 | കെ.എസ്.എ.എം.പി.എം.11/1993 തീയതി: 31.10.2015 | 25 | - |
| 2006-07 | എൽ.എഫ്.എം.10/443/09 തീയതി: 19.10.2010 | 47 | - |
| 2007-08 | എൽ.എഫ്.എം.10/2493/11 തീയതി: 02.07.2012 | 09 | - |
| 2008-09 | എൽ.എഫ്.എം.10/2493/11 തീയതി: 02.07.2012 | 12 | - |
| 2009-10 2010-11 | എൽ.എഫ്.എം.11/1611/13 തീയതി: 10.04.2014 | 23 | - |
| 2011-12 | കെഎസ്.എ.എം.പി.എം./11/3563/14തീയതി: 22.09.2015 | 16 | - |
| 2012-13 | കെ.എസ്.എ.എം.പി.എം. 11/89/2016 തീയതി: 1-3-2016 | 8 | - |
| 2013-14, 14-15 | കെ.എസ്.എ.എം.പി.എം. 27/1770/2016 തീയതി: 20-07-2016 | 18 | - |

ഡെപ്യൂട്ടി ഡയറക്ടർ
മലപ്പുറം

MAC

# I

# AUDIT CERTIFICATE

AUDIT CERTIFICATE

No. KSA/MPM-27/3008/2016

Kerala State Audit Department
District Office, Malappuram

Dated: 06-02-2017

Certified that I have Audited the Annual Financial Statement of Pookotur Grama Panchayat in Malappuram District for the year 2015-16 in accordance with section 4 of the Kerala Local Fund Audit Act 1994 section 215 of the KeralaPanchayat Raj Act 1994, the rules there under and the guidlines issued by the Comptroller and Auditor General of India for the purpose of audit accounts of Panchayat Raj institutions.

In my Opinion, the financial Statements of Pookotur Grama Panchayat for the year 2015-16 except the observations in

my audit report properly presents the picture of income and expenditure.

DEPUTY DIRECTOR

KERALA STATE AUDIT DEPARTMENT

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ എസ് എ എം പി എം. 27/3008/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ-676505, ഫോൺ:04832734951

തീയതി06-02-207

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകുപ്പ് ,ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ്സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽഅവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം

MAC